# പതിനാലാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3459 | 20.06.2018-ൽ മറുപടിക്ക് |
| --- | --- |

### മാദ്ധ്യമ പ്രചരണങ്ങൾ

| | ചോദ്യം<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.അൻവർ സാദത്ത് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| --- | --- | --- | --- |
| (എ) | തെറ്റായ കാര്യങ്ങൾ പ്രചരിപ്പിച്ച് മാദ്ധ്യമങ്ങൾ നാടിനെ അപമാനിക്കുവാനാണ് ശ്രമിക്കുന്നതെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഇത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ അതിനാധാരമായ വസ്തുതകൾ എന്തൊക്കെയാണ്; ഏതെല്ലാം തെറ്റായ കാര്യങ്ങൾ പ്രചരിപ്പിച്ചാണ് മാദ്ധ്യമങ്ങൾ നാടിനെ അപമാനിക്കുവാൻ ശ്രമിച്ചതെന്ന് വെളിപ്പെടുത്തുമോ; | (ബി) | വ്യാജ വാർത്തയായി പ്രചരിച്ച സംഭവങ്ങൾ ചുവടെ ചേർക്കുന്നു<br>1) കൊച്ചി മെട്രോയിൽ മദ്യപന്മാരുടെ ശല്യം എന്ന തലക്കെട്ടോടുകൂടി മാധ്യമങ്ങളിൽ വന്ന വാർത്തയിൽ പരാമർശിക്കുന്ന അങ്കമാലിക്കാരനായ എൽദോ എന്ന യുവാവ് വാസ്തവത്തിൽ സംസാരിക്കാനോ കേൾവി ശക്തിയോ ഇല്ലാത്ത വ്യക്തിയാണ്. ടിയാൻ തന്റെ സഹോദരനെ ആശുപത്രിയിൽ സന്ദർശിച്ചുമടങ്ങും വഴി മെട്രോ ട്രെയിനിനകത്ത് വച്ച് തന്റെ ശാരീരിക അവശതകൾ നിമിത്തം കിടന്നുറങ്ങിപ്പോയി. അദ്ദേഹത്തിനെ സാമൂഹ്യ മാധ്യമങ്ങളും മറ്റു ചിത്രീകരിച്ചത് ഒരു മദ്യപാനി ആയിട്ടാണ്. ആയത് പ്രസ്തുത വ്യക്തിയുടെ വ്യക്തി സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റവും സംസ്ഥാനത്തിന്റെ |

| | | | |
|---|---|---|---|
| | | | സ്വപ്ന പദ്ധതിയായ കൊച്ചി മെട്രോയുടെ യാത്രക്കാരെ വ്യക്തിഹത്യ ചെയ്യുന്നതും ആയിരുന്നു.<br>2) ഇതര സംസ്ഥാന തൊഴിലാളി-കളുടെ സുരക്ഷ – ഇതര സംസ്ഥാന തൊഴിലാളിയെ കോഴിക്കോട് ഒരു ഹോട്ടലിൽ മർദ്ദിച്ച് കൊല്ലുന്ന വ്യാജ ദൃശ്യങ്ങൾ പ്രചരിച്ച സാഹചര്യം, ടി വിഷയത്തിന്റെ വാസ്തവം എന്നു പറയുന്നത് ഇതര സംസ്ഥാനക്കാരനായ യുവാവ് തന്റെ വ്യക്തിപരമായ പ്രശ്നങ്ങൾ നിമിത്തം ആത്മഹത്യ ചെയ്തു. ടി സംഭവത്തെയും കേരളത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് നേരെയുള്ള അതിക്രമമായി ചിത്രീകരിച്ച് കേരളത്തിന് അപമാനം ഉണ്ടാക്കി.<br>3) വിദേശ വനിതയുടെകൊലപാതകം: വിദേശ വനിതയായ ലാത്വിയൻ സ്വദേശി ലിഗയുടെ കൊലപാതകത്തിൽ സർക്കാർ അലംഭാവം കാണിച്ചു എന്ന രീതിയിലുള്ള വ്യാജ വാർത്തകൾ നിരവധി പ്രചരിച്ചു. കേരളം വിദേശികൾക്ക് സുരക്ഷിതമായ ഒരിടം അല്ല എന്ന രീതിയിൽ വരെ ചിത്രീകരിക്കാനും ശ്രമം ഉണ്ടായി. എന്നാൽ ഈ തെറ്റായ വാർത്തകളെ എല്ലാം ഖണ്ഡിച്ചുകൊണ്ട് മരണപ്പെട്ട ലിഗയുടെ സഹോദരി നടത്തിയ പത്രസമ്മേളനവും, അതിൽ അവർ പറഞ്ഞ സർക്കാരിന്റെ ഭാഗത്തുനിന്നുമുള്ള സഹായവുമെല്ലാം ഇത്തരം കുപ്രചരണങ്ങളെ ഇല്ലായ്മ ചെയ്യുവാൻ സാധിച്ചു.<br>4) നിപ വൈറസ്: നിപ വൈറസ് |

| | | | |
|---|---|---|---|
| | | | കോഴികളിലൂടെയും, പഴവർഗ്ഗങ്ങളിലൂടെയും പകരുന്നു എന്ന വ്യാജ പ്രചരണങ്ങൾ കേരളത്തിന്റെ വാണിജ്യ വ്യാപാര മേഖലയെ തളർത്തുന്നുണ്ട്. പോലീസ് വകുപ്പ് ഇത്തരം വ്യാജ വാർത്തകൾക്കെതിരെ ശക്തമായ നിയമ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | മെയ് 27 ന് മുഖ്യമന്ത്രിയുടെ കോട്ടയം സന്ദർശന വേളയിൽ സുരക്ഷക്കായി വൻ പോലീസ് സന്നാഹത്തെ ഒരുക്കിയതിനാലും, പ്രസ്തുത സുരക്ഷാ സംഘത്തിലുണ്ടായിരുന്ന ഗാന്ധിനഗർ എസ്.ഐ. തന്റെ ഉത്തരവാദിത്തം നിർവ്വഹിക്കാതിരുന്നതിനാലുമാണ് കെവിൻ എന്ന യുവാവ് കൊല്ലപ്പെടാനിടയായത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ആരോപണം മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ